LIBRARY ARCHIVES Kerala Legislative Assembly

രജിസ്ട്രേഷൻ വകുപ്പിൽ നടപ്പാക്കിയ പരിഷ്കാരങ്ങൾ

240 (1284) ശ്രീ. ജെയിംസ് മാത്യു:
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വരുമാന വർദ്ധനവിനായി രജിസ്ട്രേഷൻ വകുപ്പിൽ നടപ്പാക്കിയ പരിഷ്കാരങ്ങൾ ലക്ഷ്യം കൈവരിക്കാൻ സഹായകരമായിരുന്നോ എന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഈ പരിഷ്കാരങ്ങൾ കാരണം വകുപ്പിലെ വരുമാനത്തിൽ വൻ കുറവ് ഉണ്ടായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഏത് സാഹചര്യത്തിലാണ് ഈ പരിഷ്കാരങ്ങളിൽ ചിലതിൽ നിന്നെങ്കിലും പിന്താറേണ്ടി വന്നത് എന്ന് വിശദമാക്കാമോ ;

(ഡി) മുന്ന് രജിസ്റ്റർ ചെയ്ത ആധാരങ്ങളിൽ അണ്ടർ വാല്വേഷൻ നടപടികൾ നടക്കുന്നുണ്ടോ ; ഈയിനത്തിൽ ഇതുവരെ എത്ര രൂപ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) രജിസ്ട്രേഷൻ ഇനത്തിൽ, ഈ സർക്കാരിന്റെ ഓരോ സാമ്പത്തിക വർഷത്തേയും വരുമാനം സംബന്ധിച്ച് വിശദമാക്കാമോ ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ ലക്ഷ്യം കൈവരിക്കാൻ സഹായകരമായിതന്നു.

(ബി) രജിസ്ട്രേഷൻ വകുപ്പിൽ പരിഷ്കാരങ്ങൾ ഏർപ്പെടുത്തിയതുമൂലം വരുമാനത്തിൽ കുറവ് വന്നിട്ടില്ല.

(സി) രജിസ്ട്രേഷൻ വകുപ്പിൽ നടപ്പാക്കിയ പരിഷ്കാരങ്ങളിൽ ചിലത് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് സൃഷ്ടിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് ചില പരിഷ്കാരങ്ങളിൽ നിന്ന് സർക്കാർ പിൻമാറിയത്.

(ഡി) വില കുറച്ച് രജിസ്റ്റർ ചെയ്യുന്നതായി കണ്ടെത്തുന്ന ആധാരങ്ങളിൻമേൽ അണ്ടർവാല്യുവേഷൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഈയിനത്തിൽ ഇതുവരെ 150.57 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(ഇ)

വർഷം	മുദ്രവില (കോടി രൂപയിൽ)	രജി. ഫീസ് (കോടി രൂപയിൽ)	ആകെ വരുമാനം (കോടി രൂപയിൽ)
2011-12	2017.30	755.76	2773.06
2012-13	2034.55	713.03	2747.58
2013-14	1577.49	775.99	2353.48
2014-15 (ഫെബ്രുവരി വരെ)	1451.68	679.19	2130.87

2014-15-ൽ രജിസ്ട്രേഷൻ വകുപ്പിന് വകയിരുത്തിയ തുക

241 (1285) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തികവർഷത്തെ ബജറ്റിൽ രജിസ്ട്രേഷൻ വകുപ്പിന് എന്ത് തുകയാണ് വകയിരുത്തിയിരുന്നത്; ഇത് ഏതെല്ലാം പദ്ധതികൾക്കായിരുന്നുവെന്ന് വിശദമാക്കാമോ ;

(ബി) വകയിരുത്തിയതിൽ എത്ര തുകയാണ് ഇതിനകം ചെലവഴിക്കാനായത് എന്ന് വ്യക്തമാക്കാമോ ;

(സി) ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഏതെങ്കിലും പദ്ധതികൾ ഇതുവരെ നടപ്പാക്കാൻ കഴിയാതെ വന്നിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ നോൺ പ്ലാൻ ഇനത്തിൽ 1,20,30,78,000 രൂപയും പ്ലാൻ ഇനത്തിൽ 9,10,00,000 രൂപയും വകയിരുത്തിയിട്ടുണ്ട്. നോൺ പ്ലാൻ ഫണ്ട് രജിസ്ട്രേഷൻ വകുപ്പിന്റെ ദൈനംദിന ചെലവുകൾക്കും പ്ലാൻ ഫണ്ടിൽ 8 കോടി രൂപ വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണ പദ്ധതികൾക്കും 110 ലക്ഷം രൂപ വകുപ്പിന്റെ ആധുനികവൽക്കരണ പദ്ധതികൾക്കുമായാണ് വകയിരുത്തിയിരുന്നത്.

(ബി) നോൺ പ്ലാൻ ഇനത്തിൽ 2015 ഫെബ്രുവരി മാസം വരെ 1,04,62,76,000 രൂപയും പ്ലാൻ ഇനത്തിൽ 2,53,35,545 രൂപയും ചെലവഴിച്ചുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly